# മഹാത്മാഗാന്ധി സർവ്വകലാശാല

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9495119702

പി.ആർ.ഒ./39/198/2018 2018 സെപ്റ്റംബർ 22

## പത്രക്കുറിപ്പ്

### പ്രളയത്തിൽ സർട്ടിഫിക്കറ്റുകൾ നഷ്ടമായവർക്ക് കൈത്താങ്ങായി എം.ജി. സർവ്വകലാശാല: കനിവ് – 2018 അദാലത്ത് 25ന്

പ്രളയത്തിൽ വിദ്യാഭ്യാസ രേഖകൾ നഷ്ടമായവർക്ക് സഹായമേകി മഹാത്മാഗാന്ധി സർവ്വകലാശാല. നഷ്ടപ്പെട്ട വിദ്യാഭ്യാസ രേഖകൾ ലഭ്യമാക്കുന്നതിനായി സെപ്റ്റംബർ 25ന് രാവിലെ 10ന് സർവ്വകലാശാലാ ആസ്ഥാനത്ത് 'കനിവ് 2018' അദാലത്ത്സംഘടിപ്പിക്കുമെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകളടക്കം ലഭ്യമാക്കാൻ സെപ്റ്റംബർ 19 വരെ സർവ്വകലാശാലാ വെബ് പോർട്ടൽ വഴി അപേക്ഷിക്കുവാൻ അവസരം നൽകിയിരുന്നു. ഇതിലൂടെ 617 അപേക്ഷകൾ ലഭിച്ചതായി രജിസ്ട്രാർ എം.ആർ. ഉണ്ണി പറഞ്ഞു. ലഭിച്ച അപേക്ഷകളിൽ തീർപ്പുകല്പിക്കാനും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുമാണ് വൈസ് ചാൻസലറുടെയും സിൻഡിക്കേറ്റ് അംഗങ്ങളുടെയും നേതൃത്വത്തിൽ 25ന് സർവ്വകലാശാലാ അസംബ്ലിഹാളിൽ അദാലത്ത് നടത്തുക. അപേക്ഷകർ തിരിച്ചറിയൽ കാർഡുമായി എത്തണം. വില്ലേജ് ഓഫീസർ അല്ലെങ്കിൽ റവന്യൂ അധികൃതരിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കാത്തവർ അവ അദാലത്തിൽ നേരിട്ട് നൽകണം. സെപ്റ്റംബർ 19ന് ശേഷം ലഭിച്ച അപേക്ഷകൾ പിന്നീട് പരിഗണിക്കുമെന്ന് വൈസ് ചാൻസലർ പറഞ്ഞു. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2731560.

### പരീക്ഷകൾ മാറ്റി

സർവ്വകലാശാലാ യൂണിയൻ ഇലക്ഷൻ നടക്കുന്നതിനാൽ ഒക്ടോബർ 10ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കും. ആറും (റീഅപ്പിയറൻസ് - 2013ന് മുമ്പുള്ള അഡ്മിഷൻ) നാലും (റീഅപ്പിയറൻസ് - 2013ന് മുമ്പുള്ള അഡ്മിഷൻ/മേഴ്സി ചാൻസ്) സെമസ്റ്റർ സി.ബി.സി.എസ്.എസ്. പരീക്ഷകൾക്ക് മാറ്റമില്ല.

### അപേക്ഷാ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ മൂന്നാം സെമസ്റ്റർ റഗുലർ/സപ്ലിമെന്ററി പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - പുതിയ സ്കീം) & അഞ്ചാം സെമസ്റ്റർ റഗുലർ/സപ്ലിമെന്ററി ത്രിവത്സര എൽ.എൽ.ബി. (4 pm to 9 pm) പരീക്ഷകൾ ഒക്ടോബർ 11 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ സെപ്റ്റംബർ 26 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർഫൈനോടെ 28 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

### പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.എ. ഇക്കണോമിക്സ് (മോഡൽ 2) സി.ബി.സി.എസ്.എസ്./സി.ബി.സി.എസ്. റഗുലർ (സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ്) ജൂൺ/ജൂലൈ 2018ന്റെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 25 മുതൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2018 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ചരിത്രം (സി.എസ്.എസ്. - റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 4 വരെ അപേക്ഷിക്കാം.

2018 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മ്യൂസിക് വീണ, വയലിൻ (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 3 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ**